"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്- മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന മികവിനുള്ള ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്തീരാജ് അവാർഡ് വാങ്ങുന്നതിനായി നടത്തിയ ഡൽഹി യാത്രയ്ക്ക് അനുമതി ലഭിച്ചിരുന്നവർക്ക് പുറമെ അധികമായി യാത്ര ചെയ്ത പുതിയ പഞ്ചായത്ത് പ്രസിഡണ്ടിന്റെ യാത്രയ്ക്ക് കൂടി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇഎം) വകുപ്പ്**

**സ.ഉ.(സാധാ) നം.1140/2020/ത.സ്വ.ഭ.വ    തീയതി,തിരുവനന്തപുരം, 15/06/2020**

---

പരാമർശം:- 1 സർക്കാർ ഉത്തരവ് നം. G.O.(Rt) 2262/2019/LSGD dated 15.10.2019

2. പഞ്ചായത്ത് ഡയറക്ടറുടെ 27/02/2020 ലെ PAN/3797/2020-G2(DP).

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന മികവിനുള്ള ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്തീരാജ് അവാർഡ് വാങ്ങുന്നതിനായി നടത്തിയ ഡൽഹി യാത്രയ്ക്ക് പരാമർശം (1) ഉത്തരവനുസരിച്ച് അനുമതി ലഭിച്ചിരുന്നവർക്ക് പുറമെ അധികമായി യാത്ര ചെയ്ത പുതിയ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സ്മിതാ ജയരാജന്റെ യാത്രയ്ക്ക് കൂടി സർക്കാർ അനുമതി നല്കണമെന്ന് സൂചന (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ദീൻ ദയാൽ ഉപാദ്ധ്യായ പഞ്ചായത്തീരാജ് അവാർഡ് വാങ്ങുന്നതിനായി നടത്തിയ ഡൽഹി യാത്രയ്ക്ക് അനുമതി ലഭിച്ചിരുന്നവർക്ക് പുറമെ അധികമായി യാത്ര ചെയ്തിട്ടുള്ളത് ശ്രീമതി സ്മിതാ ജയരാജനാണ്. മറ്റുള്ളവർക്ക് അനുമതി ലഭ്യമാക്കുന്ന സമയത്ത് പ്രസിഡണ്ട് ഇലക്ഷൻ നടന്നിരുന്നില്ല. വാർഡ് മെമ്പർ മാത്രമായിരുന്ന ശ്രീമതി സ്മിതാ ജയരാജൻ 15/10/2019 ൽ പുതിയ പ്രസിണ്ടാവുകയും ചെയ്തു. 23/10/2019-ൽ നടന്ന അവാർഡ് ദാന ചടങ്ങിൽ സംബന്ധിക്കുന്നതിലേക്കായി മുൻകൂർ അനുമതി നേടാൻ പറ്റാതിരുന്ന സാഹചര്യത്തിലാണ് യാത്ര നടത്തിയതെന്ന് വ്യക്തമായിട്ടുള്ളതിനാൽ ഡൽഹി യാത്രയ്ക്ക് അനുമതി ലഭിച്ചിരുന്നവർക്ക് പുറമെ അധികമായി യാത്ര ചെയ്ത പുതിയ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി സ്മിത ജയരാജന്റെ യാത്രയ്ക്ക് സാധൂകരണവും യാത്രപ്പടി തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനുള്ള അനുമതിയും നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി/ പ്രസിഡണ്ട്, മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്, മലപ്പുറം ജില്ല.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശ സ്വയം ഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് (വെബ്& ന്യൂ മീഡിയ) വകുപ്പ്.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ